നമ്പർ എച്ച്2/42500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2018-19 - അധ്യാപക ബാങ്ക് നവീകരണം സംബന്ധിച്ച്.

സൂചന :
1. ഈ കാര്യാലയത്തിൽ നിന്നുള്ള 16.06.2018 ലെ പരിപത്രം നമ്പർ എച്ച്2/21500/2018/ഡി.പി.ഐ
2. ഈ കാര്യാലയത്തിൽ നിന്നുള്ള 04.07.2018 ലെ ഇതേ നമ്പർ കത്ത്
3. 10.07.2018 ലെ സ.ഉ (സാധാ) നമ്പർ 2577/2018/പൊ.വി.വ
4. ഈ കാര്യാലയത്തിൽ നിന്നുള്ള 11.07.2018 ലെ കത്ത് നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

2018-19 ലെ തസ്തിക നിർണയവും തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസവും നിർദിഷ്ട സമയപരിധിക്കുമുമ്പ് പൂർത്തിയാക്കാൻ അക്ഷീണം പ്രയത്നിച്ച എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ ഓഫീസുകളിലെ മുഴുവൻ ജീവന ക്കാരെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു.

9, 10 ക്ലാസ്സുകളിൽ 1:40 അനുപാതം അനുവദിച്ചുകൊണ്ടുള്ള തസ്തിക പുനർ നിർണയം കൂടി ജൂലൈ 18 നകം പൂർത്തീകരിക്കണം എന്ന് സൂചന (4) ലെ കത്ത് വഴി നിർദേശിച്ചിരുന്നത് ഓർക്കുമല്ലോ. പ്രസ്തുത പ്രവർത്തനങ്ങൾ മാത്രമാണ് ഇനി ഈ വർഷത്തെ തസ്തികനിർണയത്തിൽ പ്രധാനമായും അവശേഷിക്കുന്നത്. ഇതു സംബന്ധിച്ച് താഴെപറയുന്ന മാർഗനിർദേശങ്ങൾ കൂടി ശ്രദ്ധിക്കുക.

1. 1:40 അനുപാത പ്രകാരമുള്ള തസ്തിക പുനർനിർണയം സൂചന (4) ലെ കത്തിന്റെ അടിസ്ഥാനത്തിൽ ജൂലൈ 18 നു തന്നെ പൂർത്തിയാക്കണം.
2. 2018-19 ലെ അധ്യാപകബാങ്കിൽ ഇതനുസരിച്ചുള്ള ഒഴിവാക്കൽ/എഡിറ്റിംഗ് നടത്തുന്ന തിനായി 16.07.2018 മുതൽ കൈറ്റിന്റെ വെബ്സൈറ്റിൽ ബാങ്ക് ലഭ്യമാണ്.
3. **അധ്യാപകബാങ്കിലെ മുഴുവൻ പേരുടെയും വിവരങ്ങൾ ഇപ്പോൾ റീസെറ്റ് ചെയ്തിരി ക്കുകയാണ്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ബാങ്കിൽ പുതുതായി ആളിനെ ഉൾപ്പെടുത്താനും ഒഴിവാക്കാനും എഡിറ്റ് ചെയ്യാനും ഒക്കെ കഴിയും. 18.07.2018 ന് ഉപജില്ലാ/ജില്ലാ ഓഫീസർമാർ ഈ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം.**
4. **19.07.2018 ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉപജില്ലാ/ജില്ലാ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് അധ്യാപകബാങ്കിലെ വിവരങ്ങൾ കൺഫേം ചെയ്യണം. വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ അധ്യാപകബാങ്കിന്റെ ഒപ്പിട്ട പകർപ്പും അന്നുതന്നെ ശേഖരിക്കണം. 19.07.2018 വൈകീട്ട് 5 മണി മുതൽ സൈറ്റിൽ അധ്യാപക ബാങ്ക് ലഭ്യമാകുന്നതല്ല.**
5. റവന്യൂ ജില്ലയിലെ അധ്യാപകബാങ്കിന്റെ വിദ്യാഭ്യാസ ഉപഡയറക്ടർ ഒപ്പിട്ട പകർപ്പ് 21.07.2018 ന് ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷനിൽ എത്തിക്കുക. (16.07.2018 ന് എത്തിക്കണമെന്നാണ് സൂചന (1) ലെ പരിപത്രത്തിൽ നിർദേശിച്ചിരുന്നത്.)

   **റവന്യൂ ജില്ലകളിൽ നിന്നു നൽകുന്ന അധ്യാപകബാങ്ക് അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതിനാൽ അധ്യാപകബാങ്കിൽ എന്റർ ചെയ്യുന്ന വിവരങ്ങൾ പൂർണമായും**

**ശരിയാണെന്ന് ഓരോ വിദ്യാഭ്യാസ ഓഫീസറും ജാഗ്രതയോടെ പരിശോധിച്ച് ഉറപ്പു വരുത്തണം.**

6. 20.07.2018 എല്ലാ ജില്ലകളിലെയും അധ്യാപകബാങ്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
7. തസ്തികനിർണയ ഫയലുകളുടെ പരിശോധന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും 20.08.2018 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും,
   (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തരം)
2. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)